T61
N14

# ഓമനവീണ.

(പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്നുള്ളതാകുന്നു.)

വില 4-ണ.]

ടി. ആർ. നായർ.

ക്ഷേമോദയം പ്രസ്സ്,—തൃശ്ശിവപേരൂർ.

# ഓമനവീണ.

Hr. Alypius T.O.C.
St. Thomas Mon[illegible]
Pavarat[illegible]
5-3-19[illegible]
F. 16
DEFINITORY [illegible] LIBRARY
1976
T61
N14
DHARMARAM COLLEGE LIBRARY, BANGALORE.
7136

ടി. ആർ. നായർ.

തൃശ്ശിവപേരൂർ
ക്ഷേമോദയം പ്രസ്സിൽ അച്ചടിച്ചത്.

# പ്രസ്താവന.

ശാസനാപരമാണുശാസ്ത്രമെങ്കിൽ, പ്രേമസംഗീതമാണ് സാഹിത്യം. രണ്ടും ലോകോപദേശം ചെയ്യുന്നുണ്ട്. എന്നാൽ സുഗമമായി ജീവിതവിമശ്നം ചെയ്യുന്നതിന്നു സുകുമാരകലകളിൽ പ്രധാനമായ കാവ്യമാണു പയ്യാപ്തമാകുന്നതു്. അത്തരത്തിലുള്ള കവിതകളുടെ ഗണനയിൽ ഓമനവീണയ്ക്കു സ്ഥാനമില്ലെങ്കിലും, വാണീദേവിയുടെ ശോണാംഗുളികൾ തടവി അവൾ അനുഗൃഹീതയാകുമെന്ന സമാധാനത്തോടുകൂടിയാണു ഞാനിതു പ്രസിദ്ധീകരിക്കുന്നതു്.

മഹാകവികളുടെ മധുരോപദേശങ്ങളിൽ വളന്ന എൻെറ 'ഓമന'കാൽത്തളകൾ ചിലയ്ക്കവെ, കിങ്ങിണികൾ കിലുങ്ങവെ സഹൃദയന്മാരുടെ ഹൃദയരംഗത്തിൽ കളിച്ചുനടക്കുന്നതുകണ്ടുകൊണ്ടു തൃപ്തിയടയണമെന്നെ, താല്പയ്യമുള്ളു.

. ഈ പുസ്തകം വേണ്ടപോലെ പരിശോധിച്ചു് അവതാരിക എഴുതിത്തന്ന എൻെറ സ്നേഹിതൻ ശ്രീമാൻ വി. എസ്സ്. പിള്ള സാഹിത്യശിരോമണി അവർകളോടു ഞാൻ എന്നെന്നും കൃതജ്ഞതയുള്ളവനാണ്. ഇതിൻെറ അച്ചടി ഭംഗിയായി നിവ്ഹിച്ചു തന്ന ക്ഷേമോദയം പ്രസ്സുടമസ്ഥന്മാരോടും എൻെറ അഭിനന്ദനത്തെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഗ്രന്ഥകത്താവു്.

# അവതാരിക.

അവതാരിക, ഒരു ചടങ്ങായി തീൎന്നിരിക്കുന്നു. ഗ്രന്ഥകാരന്ന് ആനുകൂല്യം ചെയ്യുക എന്നതാണ് അവതാരകന്റെ ധൎമ്മം. ആ കൃത്യം നിറവേററുന്നതിന്ന് എല്ലാവൎക്കും അധികാരമുണ്ടോ എന്നുള്ള കാൎയ്യം സംശയമാണ്. അപ്രകാരമിരിയ്ക്കെ, ഒരു സ്നേഹിതൻ എന്ന നിലക്കായിരിക്കാം മി. ടി. ആർ. നായർ ഈ കൃത്യനിൎവ്വഹണത്തിന്ന് എന്നെ പ്രേരിപ്പിച്ചതു്.

തൃശ്ശിവപേരൂർ നഗരത്തിന്ന സമീപമുള്ള അടാട്ട് എന്ന ഗ്രാമമാണ് മി. ടി. ആർ. നായരുടെ സ്വദേശം. കൊച്ചി സംസ്ഥാനത്തിലെ ഏക സംസ്കൃതകലാശാലയായ എസ്. ആർ. വി. സംസ്കൃത കോളേജിലാണു മി. നായർ തന്റെ വിദ്യാഭ്യാസം നിൎവ്വഹിച്ചിട്ടുള്ളതു്. തൎക്കശാസ്ത്രപഠനത്തിന്ന് ഇതേ തരത്തിൽ പേരുകേട്ട സ്ഥാപനം കേരളക്കരയിൽ വേറെ എങ്ങുമില്ലെന്നുള്ളതും നിൎവ്വിവാദമാണ്. സുപ്രസിദ്ധ താൎക്കികനായ മാന്തട്ടത്തിരുമേനിയുടെ ശിഷ്യഗണങ്ങളിലൊരാളാണു മി. നായർ, തന്റെ വിദ്യാഭ്യാസകാലത്തുതന്നെ കവിതാവിഷയത്തിൽ അദ്ധ്യാപകന്മാരുടെ പ്രശംസയ്ക്കു മി. നായർ പാത്രീഭൂതനായിട്ടുണ്ടു്.

കേരളത്തിലെ പ്രധാനപ്പെട്ട മാസികകളായ "കൈരളി", "രാജൎഷി" മുതലായവകളിൽക്കൂടി മലയാളികൾക്കു സുപരിചിതനായി തീൎന്ന ശേഷം "സാഹിത്യ

മാലിക" (രണ്ടു ഭാഗങ്ങ൱ം) "പ്രേമാംഗുലീയം" എന്നീ പദ്യഗ്രന്ഥങ്ങ൱ം കൈരളിക്കു മി. നായർ സമപ്പിക്കുകയുണ്ടായിട്ടുണ്ട്. കേരളസാഹിത്യപരിഷത്തിൽ കവിതയെഴുതി വായിച്ച് സുപ്രസിദ്ധനിരൂപകധുരന്ധരന്മാരുടെ അഭിനന്ദനത്തിനു മി. നായർ പാത്രമായിട്ടുണ്ടെന്നു പറഞ്ഞാൽ കവിതാഗ്രഥനത്തിൽ മി. നായക്കുള്ള പ്രാഗത്ഭ്യം സ്പഷ്ടമാകുന്നതാണ്.

ഒരു കവിയ്ക്കു വേണ്ട ഗുണഗണങ്ങളായ പ്രതിഭാ, ഭാവനാ, അഭ്യാസം, പദസ്വാധീനത മുതലായവ മി. നായക്കു ഹസ്തഗതങ്ങളാണ്. "ഓമനവീണ"യിലെ ഓരോ കമ്പികൾ മീട്ടി നോക്കിയാലും അവ ധ്വനിയ്ക്കുന്നുണ്ട്.

അനുവാചകന്മാരുടെ സ്വാനുഭവങ്ങളോട് യോജിച്ചുവരുന്ന കവിതകൾക്കാണ് ഉൽകൃഷ്ടസ്ഥാനം ലഭിക്കുന്നത്. മി. നായരുടെ കവിതകൾ സ്വാനുഭവങ്ങളെ പ്രതിനിധീകരിക്കുന്നവയാകുന്നു.

ശബളിതവർണ്ണമായ ഒരു ചിത്രം കാണുമ്പോഴും, കർണ്ണാനന്ദകരമായ ഒരു പാട്ടു കേൾക്കുമ്പോഴും, ആലോചനാപരമായ ഒരു കവിത വായിക്കുമ്പോഴും മനുഷ്യഹൃദയം സ്വർഗ്ഗസൌഖ്യമനുഭവിക്കുന്നു.

"വാനത്തേയുമുണർത്താൻ നിപുണങ്ങൾ" എന്ന വരിയിൽക്കൂടി ഗാനത്തിന്റെ ബ്രഹ്മാനന്ദസദൃശമായ സാക്ഷാൽക്കാരത്തെ— നാദബ്രഹ്മാനുഭൂതിയെ— കവി, ആസ്വദിക്കുന്നു.

"കണ്ണന്റെ ചിത്രം നിർമ്മിച്ചുരാധ
കണ്ണനീരിററു വീഴവെ

വേൎത്ത കൈത്താരിൽ തൂലികയേന്തി
യാത്തയായ്മേവുമത്തന്വി"

ഇത്യാദിഭാഗങ്ങളെക്കൊണ്ടു് വിപ്രലംഭത്തിലുണ്ടാകുന്നദുഃഖത്തേയും,

"സ്തംഭപ്രളയരോമാഞ്ചാഃ
സ്വേദോവൈവൎണ്ണ്യവേപഥു
അശ്രുവൈസ്വൎയ്യമിത്യഷ്ടൗ
സാത്വികാഃ പരികീൎത്തിതാഃ."

എന്ന കാരികയിൽ പ്രതിപാദിതമായിരിക്കുന്ന അശ്രു, സ്വേദം മുതലായ സാത്വികഭാവങ്ങളേയും ഗോചരമാക്കിയിട്ടുള്ളതു് മി. നായരുടെ അലങ്കാര ശാസ്ത്രപ്രാവീണ്യത്തിനു പൎയ്യാപ്തമായ ലക്ഷ്യങ്ങളാണ്.

"പനിനീർപ്പൂവ്" എന്ന കവിതയിൽ പ്രേമഭാജനമായ ഒരു ബാലികയെ കവിവീക്ഷിക്കുന്നു. കാമസൂത്രകാരനായ വാത്സ്യായനന്റെ "കുസുമസധൎമ്മാണോഹിയോഷിതഃ . ." എന്ന സൂക്തിയെ കവി അക്ഷരംപ്രതി അനുഷ്ഠിക്കുന്നുണ്ടു്. പ്രസ്തുത കവിതയിലെ അന്ത്യഭാഗത്തിൽ—

"എന്തിനല്ലെങ്കിൽ കൊഴിഞ്ഞുനീയൂഴിതൻ
മൺതരിയാവുകിലെന്നാത്മാവും"

എന്ന വരികളാൽ ഭൗതികവിഷയങ്ങളിലുള്ള നശ്വരതയേയും, ആദ്ധ്യാത്മികങ്ങളിലുള്ള ഔൽകൃഷ്ട്യത്തേയും പ്രതിപാദിച്ചു് ഒരു യഥാൎത്ഥഭാരതീയന്റെ കവിതാധൎമ്മം നിൎവ്വഹിക്കുന്നു.

"തൻപട്ടൊളിത്തലയിണയ്ക്കുണിചോക്ക—
മോമൽപ്പൊൻപാണിയിൽ. . ."

എന്നതിൽ ഒരു ചിത്രകാരധമ്മം പ്രയോഗിച്ച് കവി തൻെറ ഭാവനാവൈഭവം വെളിപ്പെടുത്തുന്നു.

"കൈരളീസ്തവ"ത്തിലെ പ്രഥമശ്ലോകം വികാരതരളിതമായ ഒരു ഹൃദയത്തിൽനിന്നു് വഴിഞ്ഞൊഴുകിയതുതന്നെ. രണ്ടാമത്തെ "ദേവിദ്രാവിഡ സംസ്കൃതസ്തനയുഗം..." എന്ന ശ്ലോകത്തിൽ കൈരളിയിലെ ദ്രാവിഡം, സംസ്കൃതം എന്നീ ഛന്ദസ്സുകളെ സ്തനയുഗങ്ങളായി കല്പിക്കുന്നു. സംസ്കൃതഭാഷാകളിന്ദജാമിളിതയായ കേരളഭാഷാഗംഗാ ദ്രാവിഡ ഹിമഗിരിഗളിതയാണെന്നോ, ദ്രാവിഡഭാഷാകളിന്ദജാമിളിതയായ കേരള ഭാഷാഗംഗാ സംസ്കൃത ഹിമഗിരിഗളിതയാണെന്നോ ഉള്ള വാദങ്ങളോട്ട് കവി യോജിക്കുന്നില്ല. സംസ്കൃതം, ഇറാനിയൻ, ഗ്രീക്ക്, ലാററിൻ, ജെമ്മൻ, ട്യൂട്ടാണിക്ക് മുതലായ ഭാഷകൾ ഏതൊരുപ്രകാരം മാതൃഭാഷ (Primitive Indo-European) യിൽനിന്നുണ്ടായോ അതേപ്രകാരംതന്നെ ദ്രാവിഡഭാഷകൾക്കും മൂലഭാഷയുണ്ടെന്നും അതിൽനിന്നു് തമിഴ്, കന്നാടകം, തെലുങ്ക്, മലയാളം, തുളു എന്നീ ഭാഷകളുണ്ടായി എന്നുള്ള ആധുനിക ഭാഷാശാസ്ത്രവാദത്തെ ഈ ശ്ലോകത്തിൽനിന്നു ധ്വനിപ്പിക്കുന്നു. സ്തനാഭിവ്യക്തിയാണല്ലോ സ്ത്രീത്വത്തെ ദ്യോതിപ്പിക്കുന്നതു്. ദ്രാവിഡസംസ്കൃതങ്ങൾ വന്നുചേൎന്നതുമുതൽ കൈരളി ഒരു ഭാഷാപദവിയ്ക്കു് അൎഹയായി.

കവിതാനിമ്മാണത്തിൽ പാരായണം അതിപ്രാധാന്യമേറിയ ഒന്നാണ്. ആരാദ്ധ്യന്മാരായ കവികളുടെ സൽഗ്രന്ഥങ്ങൾ പാരായണം ചെയ്ത് അഥവാ അഭ്യസിച്ച് ജ്ഞാനം സമ്പാദിക്കുക എന്നുള്ളതാണിതിൻെറ ധ

ർമ്മം. തദ്വാരാകാവ്യരചനാശക്തി സമുത്ഭൂതമാകുന്നു. "പണ്ടത്തെച്ചില പാട്ടുതിർത്തു പുളകോല്ലസം കുണുങ്ങുന്നിതാ" എന്ന പദ്യത്തിൽ മഹാകവി വള്ളത്തോളിനെ കവി അനുസ്മരിക്കുന്നു.

ഈ കവിതയിൽ എവിടെ നോക്കിയാലും സരളപദങ്ങൾ കവിക്കു സ്വാധീനങ്ങളായിട്ടുകാണാം. നിരൂപകദൃഷ്ടിയോടുകൂടി നോക്കുന്നതായാൽ ചില ഭാഗങ്ങൾ സമഞ്ജസങ്ങളല്ലാതെ കാണാൻ സാധിക്കും.

"എൻകൊച്ചുനാവിനു നീളമുണ്ടാകുമോ
നിൻകഥാപീയൂഷമാസ്വദിപ്പാൻ"

എന്നതിൽ ആസ്വദിക്കുക എന്ന പദത്തിൽ വായിച്ചു രസിക്കുക എന്ന അർത്ഥമാണുള്ളതു്. നാക്കിന്റെ നീളം അതിലേക്കു് ആവശ്യമുണ്ടോ എന്നു് സംശയമാണു്.

"വീർപ്പിലൂന്ന് ചെമ്പട്ടിലഞ്ചാറ്
ബാഷ്പബിന്ദുക്കൾ തൂകവേ
രണ്ടുനാൽത്തുള്ളി പിന്നെയുംതൂകി
ചുണ്ടിൽത്തടഞ്ഞ തേൻതുള്ളി"

ഇതിൽ പുനരുക്തമുണ്ടെന്നു പറയാം. എന്നുതന്നെയല്ല ഈ ഭാഗം അത്ര ഹൃദയാവർജ്ജകമായിട്ടുണ്ടോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ജീവിതംതന്നെ ഗുണദോഷസമ്മിശ്രമാണെന്നു് മഹാകവികൾപോലും വ്യക്തമാക്കിയിട്ടുണ്ടു്. കാളിദാസകൃതികളിൽപോലും ദോഷം പറയാം; പറയുന്നുമുണ്ടു്. ലോകംതന്നെ ഭിന്നരുചിയാണു്.

ഈ കവി സകലവിധ ശ്രേയസ്സുകളോടു കൂടി പരിലസിക്കുന്നതിന് പരമകാരുണികനോടു പ്രാൎത്ഥിച്ചുകൊണ്ട് "ഓമനവീണ"യെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ,
21—4—'112.

വി. എസ്. പിള്ള
(Siromani & Proficient.)
ഹെഡ്മാസ്റ്റർ,
എസ്. എൻ. ജി. എസ്. സ്കൂൾ.

# ഓാമനവീണ.

## 1. ഓാമനവീണ.

പാടു, പാടു നീയെൻ പൊന്നുവല്ലകി!
പാരമാലോലമെൻ മനോവല്ലരി.
നിൻമധുരഗളനാളം തൂകുന്ന
നൻമരന്ദത്തിൻ നാലഞ്ചു തുള്ളികൾ.

ഈ വരണ്ടുവിണ്ടുള്ളൊരെൻ ജീവിതം
ആവു, പിന്നെയും പച്ച പിടിപ്പിച്ചു
ചെമ്പനീർപ്പൂവുപോലുള്ള ചിത്തത്തിൽ
കമ്പമുണ്ടാക്കമിച്ചെറുതുള്ളികൾ,

ആനന്ദത്താലവശമുറങ്ങുന്ന
വാനത്തേയുമുണർത്താൻ നിപുണങ്ങൾ.
ഇക്കണികകളൊട്ടൊട്ടലിയിച്ചു -
മക്കറിനകറിനമാം പാറയും!

പാടു, പാടു നീയെൻ പൊന്നുവല്ലകി!
പാരമാലോലമെൻമനോവല്ലരി.

## 2. എന്റെ കവിത.

കണ്ണീർ പൊഴിയ്ക്കാര്യ, കണ്ണീർ പൊഴിയ്ക്കാര്യ
കാണാൻ കൊതിച്ചുള്ളോരെൻ കവിതേ!
നിയ്യൊരു പൈതലെൻനെഞ്ഞിൽക്കുരുന്നിളം
കയ്യുകൾ തല്ലിക്കളിയ്ക്കും തങ്കം;

ചെമ്പനീർപ്പൂവൊളിക്കുഞ്ഞിക്കവിളോട്ടം,
പൈമ്പാൽപ്പതയോലും ചെഞ്ചുണ്ടോട്ടം,
പാറിക്കളിയ്ക്കും കുന്തളകുറുനിര
ചേരും ചെറുനെററിത്തിങ്കളോട്ടം,
എൻപുത്രി! നിന്നെ ഞാൻ കാണുവതല്ലയോ?
എൻപുണ്യമെന്നൊന്നുമെന്നോമനേ!

ജീവിതമെത്രയ്ക്കു വിസ്തൃതമായത്തു
പാവിതമാക്കുവാനോവളവും
പുഞ്ചിരിത്തൂനിലാവിൻെറ വിലാസവും
നിൻചെറു കൊഞ്ചലിൻ മാധുര്യവും
നിന്മെയ്യലിവമൃതിൻെറ കണങ്ങളും,
നിന്മലർക്കാലിൻെറ കുങ്കുമവും,
നിൻകാൽച്ചിലമ്പൊലി തൻതെളിത്തുള്ളിയും,
നിൻകുളിർക്കിങ്ങിണിത്തേൻമഴയും,
വേണമെന്നാൽ പിതൃ ഭക്തി തെളിഞ്ഞുതേ
കാണാൻ കൊതിച്ചുള്ളോരെൻകവിതേ!

## 3. നിർവ്വാണം.

കണ്ണന്റെ ചിത്രം നിർമ്മിച്ചു രാധ
കണ്ണീരിററു വീഴവെ
വേർത്ത കൈത്താരിൽ തൂലികയേന്തി-
യാർത്തയായ് മേവു മത്തന്വംഗി,
വൃന്ദാവനത്തിൽ മേയുന്ന ധേനു-
വൃന്ദത്തിന്നു മലിവേകീ.

നെഞ്ചു തകർന്നാത്തയ്യലിന്നോമൽ-
ക്കണ്ഠത്തിൽത്തങ്ങും ഗൽഗദം,
നിർമ്മായം കേട്ടു നിശ്ചലം നിന്നു
മർമ്മരം നിർത്തി മാരുതൻ.
പക്ഷ്മത്തിൽക്കണ്ണീരോലും കാളിന്ദി
പുക്കെഴുമാമ്പൽപ്പൂവുകൾ,
അമ്പെപ്പകച്ചാസ്സുന്ദരിതന്നെ-
യമ്പിനാൽ നോക്കി വിക്കുന്നു.

തിങ്കളിൻകരമേററോരോമലിൻ
പൂങ്കവിൾ മിന്നി പിന്നേയും.
ഓമലോതിനാ'ളെന്റെ കണ്ണാലാ-
ക്കോമള മെയ്നുകരാതേ,
പാവ കണക്കു ജീവിതം പോക്കും
പാപിനിയെന്തു ചെയ്വൂ ഞാൻ'.

വീർപ്പിലൂന്ന് ചെമ്പട്ടിലഞ്ചാറു
ബാഷ്പബിന്ദുക്കൾ വീഴവെ

രണ്ടുനാൽ തുള്ളി പിന്നെയും തൂകി
ചുണ്ടിൽത്തടഞ്ഞ തേൻതുള്ളി.

'പ്രേമസുന്ദര മാധവ! നിൻെറ
കോമളമാം കളേബരം
ഹാ! വിറ പൂണ്ട കയ്യാലെഴുതാ
നീ വരാകിയാലാകുമോ?'

ഉണ്ണിത്തിങ്കളിൻ നാഗനകരം തൻ
കണ്ണിൽ പീയൂഷം തൂകവെ,
തൻനറു നെററിക്കാർകുറുനിര
തെന്നലാലൊന്നിളകവെ,
രോമാഞ്ചമേകുമേതുകൈകൾ്ളാ-
ക്കോമളാംഗി തൻ കൺ പൊത്തി!
കണ്ണു ചുംബിച്ച കണ്ണൻെറ കയ്യിൽ
തിണ്ണം പുരണ്ടു പീയൂഷം.
മൈക്കണ്ണു രാധ പിന്നിലും മുല്ല-
പ്പൂക്കളെ കൃഷ്ണൻ മുന്നിലും
ചീക്കെന്നെറിഞ്ഞു തെല്ലിട വാണാ-
രിക്കളിയല്ലി! നിർവാണം.

## 4. പനിനീർപ്പൂവ്.

I

ചാഞ്ചാട്ട, ചാഞ്ചാട്ട, ചെമ്പനീർപ്പൂവേ! നീ
പുഞ്ചിരിയിട്ടു നിൻ തൊട്ടിലിങ്കൽ
എൻ കൊച്ചലരേ! നിൻ വാരൊളി വാർത്തുള്ള
ചെങ്കവിളത്തൊന്നു ചുംബിച്ചാലോ?
എന്നാൽ തൊടുന്നതിൻ മുമ്പു വാടുന്ന നിൻ
പൊന്നുടൽ കാണ്മാനും പുണ്യമുണ്ടായ്!

II

കോമളമാകുന്ന തൂമഞ്ഞു തുള്ളി തൻ
കോൾമയിർക്കൊള്ളിയ്ക്കും ജീവിതവും
പ്രേമം തണുപ്പിച്ച കാമുകന്മാരുടെ
കൈമലരിൻെറ കൃതാൎത്ഥതയും
ലോഭനീയാകൃതേ! കാണാവു കാലവും
ലാലാജലാർദ്രമാം നിൻെറ ചുണ്ടിൽ.

III

പൈങ്കിളിക്കൊഞ്ചലാൽ കല്യാണമുതിക്കുന്നു
പൂങ്കാവിൻ പൊൻകര കങ്കണങ്ങൾ.
തായമാക്കോമനേ! താളം പിടിപ്പതും
താലോലിപ്പിപ്പതും താൻ വിനോദം!

ആനന്ദ തുന്ദില! നിന്നലിവോലുന്ന
മ്ലാനമാം മെയ്യെടുത്തോമനിപ്പാൻ
ജീവിതക്ലേശകിണാങ്കിതമെൻകരം
ഭാവിപ്പൂ പിന്നെയും പിന്തിരിപ്പൂ.

IV

മുറ്ംകളാൽ കീറുകയില്ലല്ലി! വീഴകിൽ
പുൽകളെപ്പുൽകി നീ വാടുകില്ലി!
ആവു മലരേ! നിൻ മുഗ്ദ്ധമാം പുഞ്ചിരി
വേവുമെൻ ഹൃത്തിനമൃതു തന്നെ,
എന്തിനല്ലെങ്കിൽക്കൊഴിഞ്ഞു നീയൂഴിതൻ
മൺതരിയാവുകിലെന്നാത്മാവും
വിശ്ലഥ ബന്ധ മുടഞ്ഞു തകരുന്ന
വിസ്താരമേറിയ ജീവിതത്തിൽ
ചെഞ്ചെറുവായ്മലർപ്പുഞ്ചിരി തൂകീ നീ
ചാഞ്ചാടു, ചാഞ്ചാടു ചില്ലതന്മേൽ.

## 5. കണ്ണുനീരിൽ.

എന്നു കാൺമു ഞാനെങ്ങിനെ കാൺമു ഞാ-
നെന്നനുജനാമാമണിക്കുഞ്ഞിനെ
കെട്ടുപോയെൻെറ വീട്ടിലെപ്പൊൻവിള-
ക്കററുപോയെൻെറ ദക്ഷിണമാം കരം!

പൊന്നരഞ്ഞാണരയിങ്കലണിഞ്ഞും നൽ-
പ്പട്ടുകോണമുടുത്തുമാപ്പുംപൈതൽ
പൊൻതളകൾ കിലുങ്ങവെ കോമള-
ച്ചെന്തളിരടി വെച്ചു വെച്ചംഗണെ
ഓടിയോടിക്കളിപ്പതെന്നോമ്മ ത-
ന്നോടിലേതിലുമിന്നുമേ കാൺമു മേ.

ചെമ്മലർക്കൈകൾ മാററ്റത്തു തല്ലിയു-
മമ്മിഞ്ഞക്കണ്ണിടയ്ക്കു തിരുമ്മിയും,
കൺമണി! മുക്കിയൊക്കത്തു വാണു നീ
നൻ മധുര മധുവിലെൻ മാനസം
നിൻ തുടുകവിൾ നിന്നിളം ചെഞ്ചുണ്ടു,
നിൻ നറുസ്മിത മെന്നിവയൊക്കയും.
എന്നു കാൺമു ഞാനെങ്ങിനെ കാൺമു ഞാൻ
കണ്ണുനീരിൽ നനഞ്ഞൊരിമകളാൽ.

## 6. എന്റെ ഗുരുനാഥൻ. *

വന്ദനം, വന്ദനം വന്മീക ജന്മാവേ!
വന്ദനം, വന്ദനം പുണ്യാത്മാവേ!
എൻ കൊച്ചു നാവിനു നീളമുണ്ടാകുമോ?
നിൻ കഥാപീയൂഷമാസ്വാദിപ്പാൻ!
രോമാഞ്ചമുണ്ടാക്കമാമദദായകം;
രാമായണകത്തുഗീതാമൃതം !

നിർമ്മലനീർ തിളങ്ങീടും തമസ തൻ
വെൺമണൽപ്പുഞ്ചിരി തഞ്ചും തീരം
പിന്നെയും പിന്നെയും പാവനമാകുന്നു
പുണ്യവാനെൻ ഗുരു മേവുകയാൽ
വന്ദനം, വന്ദനം വാത്മീകി കോകില!
വന്ദനം, വന്ദനം ശാന്തശീല!

മൌനസമാധിയിൽ ത്താനേ മുഴുകുമാ-
ജ്ഞാനസ്വരൂപൻെറ കൺപോളകൾ
ആ നദീമീനങ്ങൾ പോലിളകാതെതാ-
നാനന്ദലീനങ്ങളായിരുന്നു.
തൂനിലാവായിഗ്ഗുണിച്ചു വെയിലുമാ-
ജ്ഞാനി നിരന്തര ചിന്തയാലേ.

---

* തൃശ്ശിവപേരൂർ സാഹിത്യപരിഷത്തിൽ വായിച്ചതു്.

DEFINITORY O.C.D. LIBRARY 1276

പുല്ലും കരിഞ്ഞുപോം മട്ടൊരു ദുഷ്ടത,
തെല്ലകലത്തു നിന്നിങ്ങു വന്നു
ശാന്തമാമാവന മാനിഷാദാധമ-
പാന്ഥൻ നടന്നു മലിനമായി
കാരിരുമ്പൊത്തൊരു കായവും ധൂസര-
നീരന്ധ്രദീർഘമാം കേശവുമായ്
ആ വികൃതാകൃതി കാണുകിലപ്പൊഴെ
ജീവികളെല്ലാം നടുങ്ങിപ്പോകും!

പേർത്തും തമസ തൻ ശീതളമാമല-
ച്ചാർത്തുകൾ നീർത്തുള്ളി തൂകുകയാൽ
ആ മൂലചൂഡം തളിരുകൾ പൂരിച്ച
മാമരമൊന്നതാ മിന്നിടുന്നു!
പൈങ്കിളി കൊഞ്ചലാൽ നെഞ്ചലിഞ്ഞാമരം
പൂങ്കുളിർ മൊട്ടാം പുളകം ചാർത്തി
കാകോളമുൾക്കൊണ്ട കാർക്കോടകൻപോലാ-
ക്കാട്ടാളനാമരച്ചോട്ടിലെത്തി
അന്നതിൽപ്പാർക്കുന്ന ക്രൗഞ്ച മിഥുനത്തി-
ലാണിൻെറ ജീവിത സന്ധ്യപോലെ
ദുഷ്ടൻ തൻ കണ്ണു ചുവന്നൊരു ബാണമായ്
പെട്ടെന്നാ വൃക്ഷാഗ്രം പാഞ്ഞണഞ്ഞു
അമ്പെക്കരഞ്ഞുപോയ് ദിക്കെല്ലാമപ്പൊഴ-
തമ്പിനിരമ്പലിൻ മാറൊലിയാൽ

പ്രാണൻ വെടിഞ്ഞൊരാപ്പാവം! വിഹംഗമം,
പാരിന്റെ മാറത്തു വന്നു വീണു.
ധ്യാനത്തിൽ നിന്നുണർന്നേററിതു കണ്ടു ഹാ!
ദീനാനുകമ്പിയാ മാമുനീന്ദ്രൻ:
തേനിററുവീഴുമാറദ്ദേഹമോതിനാൻ
'മാനിഷാദാ'ദിയാം സൂക്തരത്നം!

ശോകത്താൽ വേകമൃഷീശ്വരഗീരൊരു
ശ്ലോകമായ് ഗീർവ്വാണീഭൂഷണമായ്.
ഇക്കൊച്ചു പദ്യത്തിൻ വ്യാഖ്യാനമല്ലല്ലി!
ഉൽകൃഷ്ടസംസ്കൃത ഗ്രന്ഥവ്യൂഹം
ലാളിത്യമോലുന്ന കാവ്യങ്ങളും നിർമ്മിച്ച
കാളിദാസാദി കവീശ്വരക്കും
എൻഗുരുനാഥൻ താൻ മാതൃകാദർശകൻ
നിൻകഴൽ കൂപ്പാവൂ നിത്യവും ഞാൻ
വന്ദനം, വന്ദനം വന്മീക ജന്മാവേ!
വന്ദനം, വന്ദനം പുണ്യാത്മാവേ!

## 7. കൊച്ചുതാരം.

കരിമുകിൽ നിരയാം കുളിത്ത പച്ച-
ക്കറുക നിറഞ്ഞ വിശാല വിൺ പറമ്പിൽ
മുറുകിന മദമാന്നുദിച്ചു നിൽപ്പൂ
നറുമലർ മെയ്യെഴുമെൻെറ കൊച്ചുതാരം. 1

പ്രതിനിമിഷമയേ! വികാരവായ്പിൻ
കതിരുകൾ നിൻ കവിളെത്രയെത്ര വീശി
മതിയിരുളുമിടയ്ക്കിടയ്ക്കു കൂട്ടം
ദ്യുതിയുമിയന്നുനയിപ്പു കാലമീ ഞാൻ. 2

കനകപടമണിഞ്ഞു നോക്കു—നിന്നിൽ
ത്തനതു കനീയസിയിൽക്കനിഞ്ഞു സന്ധ്യ;
ഘനരുചി വിതറിഗ്ഗമിച്ചിടായ്കെൻ
മനമലിയിപ്പൊരു കൊച്ചുതാരമേ! നീ. 3

പ്രണയി കുമുദിനീ മുഖം മുകന്നി-
ങ്ങണവൊരു നീണ്ട കിതപ്പെഴുന്ന തെന്നൽ
പുണരുമയി! കുളുത്ത നിൻെറ മിന്നൽ-
പ്പിണരൊളി മൈ മൃദുസീല് കൃതാഭിരാമം! 4

വിളറിയ മുഖമാർന്നു നിന്റെ കാർ വ-
ണ്ടളക മൊതുക്കലിലാദരാതിരേകാൽ
പുളകിതതനു, വിണ്ണുപൂകി മേവും
വളർമതി, നിൻ കനിവിന്നിരന്നിടുന്നു. 5

അവിടെ മരുവൂ, നീ ജഗജ്ജനിത്രി-
യ്ക്കുവികല മങ്ക മലങ്കരിച്ചു കുഞ്ഞേത്ത!
ഭവിക മരുളുകെൻ മിഴിയ്ക്കു ഞാനീ-
ഭുവിതവ മോഹന ദർശനം കൊതിപ്പൂ. 6

## 8. പുഞ്ചിരി.

എൻജീവനാഡിതൻ പൊൻകാല്പവാമഞ്ജു-
മഞ്ജീരശിഞ്ജിതം പൊങ്ങുകയാൽ
ഉൾക്കുരുന്നിന്നൊരു നിർവ്വാണമുണ്ടായി
നൽക്കുളിർക്കാററു വന്നോററപോലെ

പാടലക്കാലടി തൻെറ തുടക്കലിൽ
പാടെ ചുടുന്നൊരു വീപ്പ്ു മിട്ടു
ഓളമടിയ്ക്കുന്ന സാരിയണിഞ്ഞു സ-
വ്രീള മണഞ്ഞവളെന്നരികിൽ.

നെഞ്ചിൽ നിന്നൊങ്ങിനെ മായുമൊരാർദ്രമാം
പുഞ്ചിരിത്തുള്ളിയാലെൻെറ ലോകം
ചാലെ തണുപ്പിച്ചും നീളെ വെളുപ്പിച്ചും
മേലെയായെന്തിനു മെന്തുകൊണ്ടും
മാമകജിവിതത്തിൻെറ വിലപ്പെട്ടും
തൂമണി മുഗ്ദ്ധേ! നിൻ മഞ്ജു ഹാസം.

# 9. രാധ.

ആരാമമാരുതനലാത്തിയിരുന്നു, മുഗ്ദ്ധ
വാരന്തി, സോമനൊടുകൂടെ രമിച്ചിരുന്നു,
നീരന്ധ്രകുന്തളമൊതുക്കിയതില്ല, തെല്ലു-
നേരം കിടപ്പതിനുറക്കറ പൂകിരാധ. 1

നില്ക്കാതെ നിദ്ര നറുനെററി നുകൎന്നവാൾക്കു
മൈക്കൺമലൎക്കുടയലോലദലങ്ങൾ കൂമ്പി.
ആക്കമ്രമഞ്ജുമലാംഗി പുണൎന്നുകൊൾകെ-
യുൾക്കാമ്പലിഞ്ഞുപുളകങ്ങൾ നിറഞ്ഞുകാണായ്. 2

തൻപട്ടൊളിത്തലയിണയ്ക്കണി ചേൎക്കുമോമൽ-
പൊൻപാണിയിൽ തുടുകപോലമണിഞ്ഞു തന്വി,
അമ്പാളമാൎന്നതളിൎമെയ്യുചെരിഞ്ഞു നിദ്രാ-
സമ്പൽസുഖത്തൊടു കിടക്കുകയായിരുന്നു. 3

ചേലാണ്ടശുഭ്രഘനചേലയുടുത്തു രാവാ-
ശ്രീലക്ഷപാകരമണിക്കുടമൊക്കിലേന്തി,
ലോലാക്ഷിതന്റെതളിർ മേനിയിൽ മേടതന്റെ
ജാലത്തിലൂടെയലിവാൎന്നുനിലാവൊഴുക്കി. 4

മാനാതിഗാമിഗദമാൎന്നു തളൎന്നു ദൂയ-
മാനാന്തരംഗയെ മുകൎന്നു മുകൎന്നു നിദ്ര,
സൂനാളിലോലമിഴിയുള്ളലതാനികുഞ്ജോ-
ദ്യാനാന്തരംഗഗതമായ കിനാവുകാട്ടി. 5

ആകസ്മികം മധുരദൎശനയായ്ക്കിടക്ക-
മാകഞ്ജലോചനയുണൎന്നു തുടൎന്നുചൊല്ലി.
"ആകമ്രമാവനി, വിലോലമിലഞ്ഞിവൃക്ഷം,
ആകല്ലണിത്തറ" വരാംഗി വിയത്തുനിൎത്തി. 6

വാരാണ്ടലോചന, മിരുണ്ടു ചുരുണ്ട കേശം,
ആരമ്യമാംമുഖ, മൊതുങ്ങിയ നീണ്ട ഗാത്രം,
കീരാർദ്രഗീരിവയെഴും മമ ജീവിതേശ-
നാരാമമദ്ധ്യമിയിലണഞ്ഞിടുമന്തിനേരം. 7

പില്ലാങ്കുഴൽക്കുഴലണയ്ക്കുവതായകാവ്യ-
ച്ചൊല്ലാൽക്കുതുഹലമിളംചെടികൾക്കുമേകി;
എല്ലാറ്റിനത്തിലുമടിയ്ക്കടികൈവരുന്നൊ-
രുല്ലാസമോടവിടെ ലാത്തിടുമാൎയ്യപുത്രൻ. 8

വാസസ്ഥലത്തുടയ പൂമുഖമാൎന്നു കാളി-
ദാസന്റെ മഞ്ജുകവിതാമൃതമാസ്വദിയ്ക്കേ;
ആസക്തിമൂലമവിടുന്നിവളോടുചൊല്ലു-
മാസൽകവീശനെഴുമാശയ പാടവങ്ങൾ. 9

രാമനു സീതയി,ലവൾക്കവനിൽ, പ്രകാമ-
പ്രേമം തഴച്ചതുതിളക്കിയകാവ്യരത്നം;
ശ്രീമത്പ്രമാണ്ടരഘുവംശ, മിതായിരുന്നു
ധീമാനു രാധയുടെ നാഥനു, ഭാഗധേയം. 10

സാകൂതരാഗലുളിതേക്ഷണനായ്, കുളിർത്ത
ക്കൂർക്കൂട്ടമെൻ ഹൃദയവിണ്ണിനൊരിന്ദുവായീ,
ശാകുന്തളം പ്രണയമഞ്ജുള മന്നവായി-
ച്ചാകുന്തളാഞ്ചിതമുഖൻ കളിയാക്കിയെന്നെ. 11

പൂങ്കാവണത്തു സദയം പനിനീർസുമങ്ങൾ
ഞാൻകാൺകില്ലഖിലമായ്യനറുത്തു നിത്യം;
ചെങ്കുന്തലിലവ കോർത്തു രചിച്ച മാല
യെൻകണ്ണസീമനിയിടാതെയിരിക്കയില്ല. 12

മുൻജന്മമിച്ചെറുമനസ്സിനി ചെയ്ത പുണ്യ-
പുഞ്ജം കൊളുത്തിയൊരു കൊച്ചുവിളക്കുപോലെ
കുഞ്ജാന്തരത്തിലിവൾ ഭാഗ്യമൊടന്നു കാന്ത-
കഞ്ജാതമഞ്ജുളകളേബര മൊന്നു കണ്ടു! 13

## 10. പുളകം.

പോവതിന്നാരംഭിച്ചൂ-
നീലനേത്രത്താലമ്പിൽ
പൂവുകളിട്ടാളോമ-
ലെൻപദമൂന്നാൻ പിമ്പിൽ.

വിളറും വക്ത്രത്താലേ
വിയർക്കും ഫാലത്താലേ
തളരും ദേഹത്താലേ
നിന്നു ഞാനല്പം ചാലേ.

വിരഹം വരടിയ
കരളിൽത്തേനും തൂകി
ദരഹാസത്താൽത്തയ്യ-
ലെൻ ഗൃഹദ്വാരം പൂകി.

ചേവടി ചുംബിയ്ക്കുന്ന
സാരി തൻ പ്രഭാപൂരം
പൂവണിഞ്ഞീടും നീല-
നീരന്ധ്ര കചഭാരം.

കണ്ട മാത്രയിലെൻെറ
കണ്ണുകളല്പം കൂമ്പി
രണ്ടു കൈകളും പ്രീതി-
പ്രേരണയാലെ വെമ്പി.

ഓളങ്ങളുണ്ടായ് ഹൃത്തു-
ഞങ്ങൾക്കൊന്നായന്നേരം
പോളകൾ പുളകങ്ങൾ
പോലവെ കാണായ് പാരം!

## 11. പുണ്യം.

പന്തലിച്ച പറങ്കിമാവിൻ തോപ്പാം
പച്ചപ്പാവാട ചുററിട്ടമെൻ നാടേ!
കായൽ വെള്ളിത്തളയണിവു ഭവൽ-
ക്കാൽത്തളിർകളിലാനന്ദ തുന്ദിലേ!
അന്തി ചൂടിപ്പു ചെമ്പനീർപ്പൂവു നിൻ
കാന്തി ചിന്തുന്ന കൊച്ചുകാർകൂന്തലിൽ
മുന്തിരിച്ചാറു പോലെ മധുരമാം
നിൻ തളിർമേനി തൻെറ സുഷമയെ
മോന്തി, മോന്തി മനത്താൽ മദിച്ചു ഞാ-
നെന്തിനെന്തിനീക്കുന്നിന്മേൽ മേവുന്നു!
ചെന്തളിരൊളി നീരാളം ചാർത്തിടും
നിൻതണുത്ത തണലോലും നെഞ്ചിലായ്
ആനന്ദമോടിനിയും ജനിയ്ക്കുവാൻ
ഞാനഭിമാനമുൾക്കൊണ്ടു പ്രാർത്ഥിപ്പു.
പുണ്യവാൻ തന്നെ പുണ്യവാൻ തന്നൊഞാ-
പാവനാവനി! നിന്തിരുവുള്ളത്താൽ.

## 12. കൈരളീസ്തവം

വെപ്പ്പ്രൊത്തോമന നെററിയിൽക്കുറുനിര
    ക്കാർവണ്ടണിഞ്ഞുള്ളിളം-
ചോപ്പ്പോലും പനിനീർ മുഖത്തിതൾ വിട-
    ർത്തീടും മണിച്ചുണ്ടിനാൽ,
നൽപ്പൈതങ്ങൾ ചിരിച്ചു കൊണ്ടു മധുരാ-
    വ്യക്താക്ഷരം കൊഞ്ചിയ-
പ്പപ്പോൾക്കണ്ടു, ഭവൽപ്രഭാവ കണമോ-
    രോന്നും പതഞ്ഞൂ കരൾ! 1

ദേവി! ദ്രാവിഡ സംസ്കൃതസ്തനയുഗം
    ഭാവൽക, മൊന്നാദിമം
ഭൂവിൽത്തേൻ കണ, മന്തിമം മധുരമാം
    പാൽത്തുള്ളിയെന്നീവിധം
തൂവിക്കൊച്ചു കിടാങ്ങൾ ഞങ്ങൾ വളരു-
    ന്നുണ്ടിന്നു നിൻ ചെങ്കഴൽ-
പ്പൂവിൽ പൊൻപൊടി പോലെ വീണുരുളുവാ-
    നാജ്ഞയ്ക്കിരക്കാവു ഞാൻ. 2

പാറക്കല്ലലിയും വിധത്തിലുമയേ!
    നിൻ ചുണ്ടു തൂകും രസം-
ചോരും വാക്കുകൾ നാവുകൊണ്ടു പറവാ-
    നാവില്ലയെന്നാകിലും,

സാരം പൂണ്ടവിടുന്നെടുത്തു സരളം
കൊഞ്ചിച്ചിരിപ്പിയ്ക്കുകി-
ന്നാരാൽ നിന്നുടെ ചേല തുങ്ങുമൊരിളം-
പൂംപൈതൽ ഞാനംബികേ! 3

നീണ്ടും നേൎത്തുമെഴും വരമ്പു കരയി-
ട്ടിട്ടുള്ളിലും പച്ച നെൽ-
ക്കണ്ടത്തിൽ കളവാണിമാർകൾ, കള നു-
ള്ളുന്നേരമെന്നും ശുഭേ!
കൊണ്ടാട്ടും പുകൾ പൂണ്ട മൂവുലകിനി-
ന്നേകാംബയാകുന്ന നിൻ
പണ്ടത്തെച്ചിലപാട്ടുതിൎത്തു പുളകോ-
ല്ലാസം കുണുങ്ങുന്നിതാ! 4

പണ്ടെന്തെന്തു പിഴച്ചു പോയ് ജനനി! നിൻ
തൃക്കോവിൽ പുക്കോമന-
ച്ചുണ്ടെത്രയ്ക്കു വരണ്ടു! വാർമുല ചുര-
ത്താഞ്ഞാൽ മരിച്ചീടുമേ;
ഉണ്ടെങ്കിൽ കൃപയായടുത്തു വരമേ-
കീടേണമിപ്പോഴത്തും
കൊണ്ടേ പോവുകയുള്ള ദാസനടിയൻ
പോരേ, നറുംപൈതലും! 5

XI
J96

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DHARMARAM LIBRARY

Author: Nair T.R. 7/36

Title: [illegible] വീണ

| Date Due | Borrower | Date Due | Borrower |
| --- | --- | --- | --- |
| | | | |

DC Library
*00007136*
T61 N14

T61
N14

Indic Digital Archive Foundation
gpura.org